പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .162 — 04.02.13-ൽ മറുപടിക്ക്

# മത്സ്യബന്ധനത്തൊഴിലാളികൾക്ക് കടലിൽ സംരക്ഷണത്തിന് നടപടി

ചോദ്യം — ഉത്തരം

| | | | |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ<br>,, കെ. വി. അബ്ദുൾ ഖാദർ<br>,, കെ. കുഞ്ഞിരാമൻ (ഉദുമ)<br>,, എ. എം. ആരിഫ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കടലിൽ മത്സ്യബന്ധന ബോട്ടിൽ വിദേശകപ്പലുകൾ ഇടിച്ച് അപകടമുണ്ടാകുന്നത് ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; | (എ) | കപ്പൽ ചാനലുകളിൽ മത്സ്യബന്ധനം നടത്തുന്നത് ഒഴിവാക്കുന്നതിനുള്ള ബോധവൽക്കരണം മത്സ്യബന്ധന തൊഴിലാളികൾക്ക് മറൈൻ എൻഫോഴ്സമെന്റ് യൂണിറ്റുകൾ വഴി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മത്സ്യബന്ധനയാനങ്ങളിൽ ആവശ്യമായ സുരക്ഷാ ഉപകരണങ്ങളും / കപ്പലുകൾ കണ്ടാൽ ആവശ്യമായ സിഗ്നലുകൾ നൽകുന്നതിനുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും, കപ്പലുകൾ ശ്രദ്ധയിൽപെട്ടാൽ ടി ഭാഗത്ത് നിന്നും ഒഴിഞ്ഞു പോകുന്നതിനും കടലിലെ നിയമങ്ങൾ പാലിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണം മത്സ്യഭവൻ വഴിയും, കോസ്റ്റ് ഗാർഡിന്റെ നേതൃത്വത്തിലും, മാധ്യമങ്ങൾ വഴിയും നൽകി വരുന്നുണ്ട്. |
| (ബി) | നിത്യവൃത്തിക്ക് മത്സ്യബന്ധനം നടത്തുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കടലിൽ സംരക്ഷണം നല്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സുനാമി അടിയന്തിര സഹായ പദ്ധതി/സുനാമി പുനരധിവാസ പദ്ധതി/ പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി എന്നിവ പ്രകാരം 7262 മത്സ്യ ബന്ധനയാനയുടമകൾക്ക് റേഡിയോ ബീക്കൺ, ലൈഫ് ബോയ്, റഡാർ റിഫ്ളക്ടർ, ഹീലിയോ ഗ്രാഫ് ഫിഷിംഗ് കം എമർജൻസി ഫ്ലാഷ് ലൈറ്റ്, ഫസ്റ്റ് എയ്ഡ് കിറ്റ്, വൈറ്റമിൻ ബിസ്കറ്റ്, കോംപസ്, ജാക്ക്നൈഫ്, കന്നാസ് എന്നിവ ഉൾപ്പെടുന്ന സുരക്ഷാകിറ്റുകൾ നൽകിയിട്ടുണ്ട്.കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന 'സേഫ്റ്റി അറ്റ് സീ' എന്ന പദ്ധതി പ്രകാരം ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യബന്ധനയാനയുടമകൾക്ക് AIS(Automatic Identifiction |

| | | | |
|---|---|---|---|
| | | | System),GPS,VHF Marine Radio, Ecosounder, Radio Beacon എന്നിവ ഉൾപ്പെടുന്ന സുരക്ഷാ കിറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മത്സ്യബന്ധനത്തിലേർപ്പെട്ടു മ്പോൾ അപകടത്തിൽപ്പെട്ടാൽ രക്ഷാ പ്രവർത്തനം നടത്തുന്നതിന് വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ ഫിഷറീസ് സ്റ്റേഷനുകളിൽ പട്രോൾ ബോട്ടുകൾ വാടകയ്ക്ക് എടുത്തു ഉപയോഗിക്കുന്നു. കടൽരക്ഷാ പ്രവർത്തനത്തിൽ വിദഗ്ധ പരിശീലനം ലഭിച്ച കടൽ സുരക്ഷാ സേനാംഗങ്ങളുടെ സേവനവും ഉപയോഗപ്പെടുത്തുന്നു. |
| (സി) | മത്സ്യബന്ധനത്തിനു കടലിൽ പോയി അപകടത്തിൽപ്പെട്ടവരുടെയും മരണപ്പെട്ടവരുടെയും കഴിഞ്ഞ രണ്ടുവർഷത്തെ കണക്കുകൾ ലഭ്യമാക്കുമോ; | (സി) | മത്സ്യബന്ധനത്തിന് കടലിൽ പോയി അപകടത്തിൽപ്പെട്ടവരുടെയും, മരണപ്പെട്ടവരുടെയും കഴിഞ്ഞ രണ്ടു വർഷത്തെ കണക്കുകൾ ചുവടെ ചേർക്കുന്നു. |
| (ഡി) | അപകടവും ജീവഹാനിയും ഉണ്ടാക്കുന്ന വിദേശ കപ്പലുകളെ നിയമത്തിന്റെ പരിധിയിൽകൊണ്ടു വരുന്നതിനുള്ള എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?. | (ഡി) | വിദേശകപ്പലുകളുടെ നിയന്ത്രണം കേന്ദ്ര സർക്കാരിന്റെ പരിധിയിലാണ്. |

| ക്രമ നമ്പർ | വർഷം | അപകടത്തിൽ പ്പെട്ടവർ | മരണ പ്പെട്ടവർ | കാണാതായവർ |
|---|---|---|---|---|
| 1 | 2010-11 | 633 | 26 | 31 |
| 2 | 2011-12 | 3846 | 43 | 7 |

സെക്ഷൻ ഓഫീസർ